പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5068 | 30.06.2014-ൽ മറുപടിക്ക്.

## പോലീസ് സ്റ്റേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സ്റ്റേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | : (എ) പോലീസ് സ്റ്റേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലില്ല. എന്നാൽ പോലീസ് സ്റ്റേഷനുകളുടെ ഓരോ ദിവസത്തെയും പ്രവർത്തന റിപ്പോർട്ടുകൾ സർക്കിൾ ഇൻസ്പെക്ടർ തലം മുതൽ ജില്ലാ പോലീസ് മേധാവിവരെയുള്ള ഉദ്യോഗസ്ഥർക്ക് സമർപ്പിക്കുകയും, അതനുസരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, പരിശോധനകൾ നടത്തുകയും ചെയ്യാറുണ്ട്. കൂടാതെ നിശ്ചയിക്കപ്പെട്ട കാലയളവിനുള്ളിൽ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് മേലുദ്യോഗസ്ഥർക്ക് നൽകുന്നതിലേക്കായി സി.ഐ. തലംമുതലുള്ള ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പോലീസ് സ്റ്റേഷൻ നവീകരിച്ചു കൊണ്ടും ലോക്കൽ പോലീസിന് ആറുമാസത്തിൽ ഒരിക്കലെങ്കിലും പ്രത്യേക ട്രെയിനിംഗും പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് ക്വാർട്ടേഴ്സുകളും ലഭ്യമാക്കിക്കൊണ്ടും കേരള പോലീസിനെ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ? | : (ബി) പോലീസ് സ്റ്റേഷനുകളിൽ CCTNS പദ്ധതി പോലുള്ളവ നടപ്പിലാക്കിയും അതിലൂടെ കുറ്റവാളികളുടെ വിവര ശേഖരണം പരസ്പരം കൈമാറിയും പോലീസ് സ്റ്റേഷന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയും, നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഹെൽപ്പ് ഡെസ്കുകളും, സീനിയർ സിറ്റിസൺ ബ്യൂറോകളും ആരംഭിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്ക് **Behavioural Training** നൽകി വരുന്നുണ്ട്. കൂടാതെ ജനമൈത്രി പോലീസ് പദ്ധതിയുടെയും കമ്പ്യൂട്ടർ വൽക്കരണ പദ്ധതികളുടെയും ഭാഗമായി ആവശ്യമായ പരിശീലനങ്ങൾ |

നൽകി വരുന്നുണ്ട്. ഇതിനുപുറമെ ശാരീരിക ക്ഷമതയ്ക്കും മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുമായി സംസ്ഥാനത്തെ ജില്ലാ പോലീസ് മേധാവി ഉൾപ്പെടെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ആഴ്ചയിൽ രണ്ട് ദിവസം നിർബന്ധമായും ശാരീരിക, വ്യായാമ മുറകൾ പരിശീലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ